**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയുടെ കടകംപള്ളി സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജെ.ആർ. അജിതാറാണിയുടെ ചികിത്സാ ചെലവ് റീഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 194/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.01.2016.

===================================================================

**പരാമർശം** : 1) ശ്രീമതി. ജെ.ആർ. അജിതാറാണിയുടെ 22.10.2011-ലെ അപേക്ഷ.
2) നഗരകാര്യ ഡയറക്ടറുടെ 28.12.2012, 30.06.2015 തീയതികളിലെ ഡി.സി1-13829/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ കടകംപള്ളി മേഖലാ ഓഫീസിൽ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ജെ.ആർ. അജിതാറാണി നാലാഞ്ചിറ കെ.ജെ.കെ. പ്രൈവറ്റ് ആശുപത്രിയിൽ ഇൻഫെർട്ടിലിറ്റി ഐ.വി.എഫ്. ശസ്ത്രക്രിയ നടത്തിയതിന് ചെലവായ തുക അനുവദിക്കുന്നതിന് അപേക്ഷിച്ചിരിക്കുന്നു. ടിയാളുടെ അപേക്ഷ പരിഗണിച്ച് ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനത്തിൽ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയുടെ കടകംപള്ളി സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജെ.ആർ. അജിതാറാണിയുടെ ചികിത്സയ്ക്ക് കെ.ജെ.കെ. ആശുപത്രിയിൽ ചികിത്സ നടത്തിയ തുക റീ ഇംബേഴ്സ് ചെയ്യുന്നതിന് മുൻകൂർ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. ചികിത്സ നടത്തിയതിന് ചെലവായ തുകയിൽ (1,56,455/-) മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യ വകുപ്പു ഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ 80% പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സർവ്വീസ് കാലയളവിൽ ഒരിക്കൽ മാത്രമേ ഇത്തരത്തിലുള്ള ക്ലെയിം അനുവദിക്കുകയുള്ളൂവെന്നതിനാൽ ആവശ്യമായ രേഖപ്പെടുത്തലുകൾ സേവനപുസ്തകത്തിൽ നടത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിലും റീ ഇംബേഴ്സ് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ ഉൾപ്പെടെ)
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
ശ്രീമതി. ജെ.ആർ. അജിതാറാണി, സീനിയർ ക്ലാർക്ക്, കടകംപള്ളി സോണൽ ഓഫീസ്, തിരുവനന്തപുരം നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**